# FY-308

## FIRST YEAR HIGHER SECONDARY EXAMINATION, MARCH 2025

Part – II

Time : 2 $\frac{1}{2}$ Hours

**മലയാളം**

Cool-off time : 15 Minutes

**(MALAYALAM)**

Maximum : 80 Scores

*വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :*

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് രണ്ടുശരിയുത്തരം വീതം തിരഞ്ഞെടുത്തെഴുതുക. 2 സ്കോർ വീതം.** **(5 × 2 = 10)**

1. പീലിക്കണ്ണുകൾ എന്ന പാഠഭാഗത്ത് പ്രകടമാകുന്ന ചെറുശ്ശേരിയുടെ കാവ്യഭാഷയുടെ സവിശേഷതകൾ കണ്ടെത്തി എഴുതുക.
   (a) ലളിതമായ പദപ്രയോഗം
   (b) വർണ്ണനകളുടെ അഭാവം
   (c) നാട്ടുമുദ്ര പതിഞ്ഞ വാക്കുകൾ
   (d) സംസ്കൃതത്തിന് പ്രാധാന്യം

2. വേരുകൾ നഷ്ടപ്പെടുത്തുന്നവർ എന്ന ലേഖനത്തെ ഭാവാത്മകമാക്കുന്ന സന്ദർഭങ്ങൾ ഏതൊക്കെയാണ് ?
   (a) മുൾക്കാടുകൾക്ക് അതിന്റേതായ ഔഷധസസ്യങ്ങൾ ഏറെയുണ്ട്.
   (b) ഇലയടരുകൾ വേരുകളിലൂടെ വീണ്ടും വൃക്ഷത്തിലെത്തി പുനർജനിക്കുന്നു.
   (c) കാട് ചുറ്റിവരുന്ന പുഴയുടെ കഥകൾ വേരുകൾവഴി വൃക്ഷങ്ങൾ കേൾക്കുന്നു.
   (d) ഉടുമ്പുമാരി എല്ലായിപ്പോഴും ഏതൊക്കെയോ വേരുകൾ ചവച്ചു കൊണ്ടിരിക്കുന്നു.

3. മുഹ്യിദ്ദീൻമാല എന്നകാവ്യത്തിന് ചേരുന്ന പ്രസ്താവനകൾ കണ്ടെത്തുക.

(a) മാലപ്പാട്ടാണ് (b) കേരളീയമായ ഇതിവൃത്തമാണ്

(c) ഖാസിമുഹമ്മദിന്റെ രചനയാണ് (d) കവിയുടെ സ്വന്തം അനുഭവങ്ങളാണ്

4. ലാത്തിയും വെടിയുണ്ടയും എന്ന പാഠഭാഗത്തിലെ തങ്കം നായരുടെ സ്വഭാവത്തിന്റെ പ്രത്യേകതകൾ തിരഞ്ഞെടുത്തെഴുതുക.

(a) ഓർമ്മകൾക്ക് തെളിച്ചം കുറവാണ്.

(b) താൻ സമരകോലാഹലങ്ങളിൽ പെട്ടുപോകാത്തത് ഭാഗ്യമായി കരുതുന്നു.

(c) എവിടെയായിരിക്കുമ്പോഴും തേതിയേടത്തിയെപ്പറ്റി ഓർക്കുന്നു.

(d) സ്വന്തം മക്കളുടെ കാര്യത്തിലുള്ള സ്വാർഥത.

5. സിനിമയും സമൂഹവും എന്ന ലേഖനത്തിലൂടെ ഒ.കെ. ജോണി അവതരിപ്പിച്ചിരിക്കുന്ന ശരിയായ പ്രസ്താവനകൾ ഏവ ?

(a) ജനപ്രിയ സിനിമകൾ കലാമൂല്യം ഇല്ലാത്തവയാണ്

(b) ജനപ്രിയ സിനിമകളെ അപഗ്രഥിക്കുകയാണ് വേണ്ടത്

(c) സിനിമകൾ ജനങ്ങളെ തെറ്റായ ശീലങ്ങളിലേക്ക് നയിക്കുന്നു

(d) ഭൂരിഭാഗം പ്രേക്ഷകർക്കും ജനപ്രിയ സിനിമകൾ ആസ്വാദ്യകരമാകുന്നു.

6. കാവ്യകലയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ എന്ന പാഠഭാഗത്തിൽ അവ്യവസ്ഥിതത്വത്തിന് (Ambiguity) പറഞ്ഞിരിക്കുന്ന ഉദാഹരണങ്ങൾ ഏതൊക്കെ ?

(a) ജി.യുടെ അന്വേഷണം എന്ന കവിതയിലെ കാറ്റ്

(b) മേഘം യക്ഷനെ രതിക്രീഡകൾ അനുസ്മരിപ്പിക്കുന്നത്

(c) കവിത ചൊൽക്കാഴ്ചയായി അവതരിപ്പിക്കുന്നത്

(d) കവിതയിൽ ചരിത്രം ഉൾക്കൊള്ളിക്കുന്നത്

**7 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

7. കായലരികത്ത് എന്ന ചലചിത്ര ഗാനത്തിന്റെ ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക.

8. 'അരുളില്ലയതെങ്കിൽ' മനുഷ്യൻ എന്തായി തീരുമെന്നാണ് ശ്രീനാരായണഗുരു പറയുന്നത് ?

9. 'അനർഘനിമിഷ'ത്തിൽ കഥാകൃത്ത് സംസാരിക്കുന്നത് മരണത്തെക്കുറിച്ചാണെന്ന് സമർഥിക്കാവുന്ന രണ്ടുസൂചനകൾ കണ്ടെത്തി എഴുതുക.

10. കേൾക്കുന്നുണ്ടോ എന്ന ഹ്രസ്വചിത്രം മുന്നോട്ടുവയ്ക്കുന്ന പാരിസ്ഥിതിക പ്രശ്നം എന്താണ് ?

**11 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(6 × 4 = 24)**

11. ചേരുംപടി ചേർക്കുക.

| | | |
|---|---|---|
| ഏകാന്ത വനനദീതീരങ്ങൾ തേടുന്നു | – | ഋതുക്കൾ |
| കഴിഞ്ഞതെല്ലാം മറക്കാനാഗ്രഹിക്കുന്നു | – | മലകൾ |
| കരളിൻ കലമ്പലറ്റാനന്ദസുധ തേടുന്നു | – | പറപപ്പറ്റങ്ങൾ |
| പ്രേമവേദന പാകി മറയുന്നു | – | കവി |

12. 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

13. നിങ്ങൾ പരിചയപ്പെട്ടിട്ടുള്ള മറ്റു ചെറുകഥകളിൽ നിന്നുവ്യത്യസ്തമായി 'വാസനാ വികൃതി'ക്ക് എന്തെല്ലാം സവിശേഷതകളാണുള്ളത് ?

14. "ഊനപ്പെട്ടില്ലല്ലീയെന്നതേ ചിന്തിച്ചു
ദീനമാകുന്നുതെൻ മാനസത്തിൽ"
ഇത്തരം ഒരു വേദന ശ്രീകൃഷ്ണന് ഉണ്ടാകാനുള്ള കാരണങ്ങൾ എന്തെല്ലാം ? കുറിപ്പെഴുതുക.

15. സന്ദർശനം എന്ന കവിതയെ ആകർഷകമാക്കുന്നത് അതിലെ സവിശേഷതയാർന്ന പ്രയോഗങ്ങളാണ്. അത്തരം സവിശേഷപ്രയോഗങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം വിശദീകരിക്കുക.

16. അമ്മയുടെ സർജറി മകൻ ഏറ്റെടുക്കാത്തതിന് പിന്നിലെ മനോവികാരം എന്താവാം ? 'ശസ്ത്രക്രിയ' എന്ന കഥ വിശകലനംചെയ്ത് കുറിപ്പെഴുതുക.

17. ഡോക്യുമെന്ററി സിനിമകളുടെ പൊതു സവിശേഷതകൾ എന്തൊക്കെ ?

**18 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.** **$(3 \times 6 = 18)$**

18. കാല്പനിക കവികൾ പ്രകൃതിയെയും സ്ത്രീയെയും വശ്യസൗന്ദര്യത്തിന്റെ ബിംബങ്ങളായാണ് അവതരിപ്പിക്കുന്നത്. എന്നാൽ സംക്രമണം എന്നകവിതയിലെത്തുമ്പോൾ അവ വികൃതബിംബങ്ങളായി മാറുന്നു. ഇത്തരം ബിംബകൽപ്പനകൾ കവിതയുടെ ആശയതലത്തെ എത്രത്തോളം മനോഹരമാക്കുന്നുണ്ട് ? വിശദീകരിക്കുക.

19. ഓർമ്മയുടെ ഞരമ്പ് എന്നകഥയിലെ വൃദ്ധ പെൺകുട്ടിയോട് പങ്കുവയ്ക്കുന്ന ഓർമ്മകൾ ഇന്നത്തെ സ്ത്രീ ജീവിതങ്ങളിൽനിന്ന് എത്രത്തോളം ഭിന്നമാണ് ? കഥ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

20. സിനിമയും സമൂഹം എന്ന പാഠഭാഗത്ത് ജനപ്രിയ സിനിമയുടെ സവിശേഷതകൾ വ്യക്തമാക്കിയിട്ടുണ്ട്. സമകാലിക സിനിമകളുടെ പ്രത്യേകതകൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.

21. "താൻ ഭാവനയിൽതീർത്ത കഥാപാത്രങ്ങളെ സ്വാതന്ത്ര്യസമരത്തിന്റെ പശ്ചാത്തലത്തിലേക്ക് ഇറക്കി നിർത്തുന്നതോടെ വായനക്കാരന് എല്ലാം യഥാർത്ഥസംഭവങ്ങളായി അനുഭവപ്പെട്ടുതുടങ്ങുന്നു." ഈ പ്രസ്താവനയെ മുൻനിർത്തി ലാത്തിയുംവെടിയുണ്ടയും എന്ന പാഠഭാഗത്തിലെ രചനാപരമായ പ്രത്യേകതകൾ വിശദമാക്കുക.

താഴെകൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് 22 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക. 2 സ്കോർ വീതം. $(3 \times 2 = 6)$

വെറ്റിയും തോൽവിയും പോർക്കളത്തിൽ ചെന്നാൽ
പറ്റും ഇതിനതു മിതെയല്ല.
എന്തിന്നുവേണ്ടി നീയെങ്ങനെ പോർ ചെയ്തു ?
ചിന്തിച്ചിടേണ്ടതി രണ്ടുകൂട്ടം.
നന്മയ്ക്കുവേണ്ടി നീ നേർവഴിയിൽ നിന്നു
ധർമ്മയുദ്ധം ചെയ്തു തോറ്റുപോയാൽ
പോകട്ടെ ! ആത്തോൽവി തന്നെ ജയമെന്നു
ലോകർ കടശ്ശിയിൽ സമ്മതിക്കും
കാലത്തിരിപ്പിൽക്കറങ്ങുമീയുഴിയിൽ
മേലുകീഴങ്ങിങ്ങു കീഴ്മേലാകെ
മേനിക്കരുത്തിൻ കുറവല്ല തോല്പതു;
വീഴ്വതടവിൻ പിഴയുമല്ല.
വീഴുകിൽ വീഴട്ടെ; മാറിടത്തിൽ കുറെ-
ച്ചേറു പുരണ്ടാൽ പുരണ്ടിടട്ടെ.

ഉദ്ബോധനം ഉള്ളൂർ

22. യുദ്ധക്കളത്തിൽ ചെന്നാൽ എന്തൊക്കെ സംഭവിക്കാമെന്നാണ് കവി പറയുന്നത് ?

23. എങ്ങനെയുള്ള തോൽവിയെയാണ് പിന്നീട് വിജയമെന്ന് ലോകർ സമ്മതിക്കുന്നത് ?

24. പരാജയപ്പെട്ടവനെ കവി എന്തുപറഞ്ഞാണ് സമാശ്വസിപ്പിക്കുന്നത് ?

25 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 8 സ്കോർ വീതം. $(2 \times 8 = 16)$

25. അത്രമേൽ ഇളകിമറിയുന്ന ആവാസവ്യവസ്ഥയ്ക്കുള്ളിലാണ് കുറവുകളെ കഴിവുകളാക്കി മത്സ്യം മുന്നേറുന്നത്. പുതിയ കെണികൾ വിദഗ്ദ്ധമായി ആസൂത്രണംചെയ്യുന്ന ആധുനികലോകത്തിൽ ഈ കവിതയെ ഏതെല്ലാംതരത്തിൽ വ്യാഖ്യാനിക്കാം ? മത്സ്യം എന്ന കവിതയിലെ സൂചനകൾ മുൻനിർത്തി ഉപന്യസിക്കുക.

26. "സിനിമകൾ വെറും വിനോദവിഭവങ്ങളല്ല; സമൂഹത്തിന്റെ കണ്ണാടിയാണ്." ബൈസൈക്കിൾ തീവ്സ് എന്ന സിനിമ എപ്രകാരമാണ് മേൽപ്രസ്താവനയോട് ചേർന്നുനിൽക്കുന്നത് ? വിശദീകരിക്കുക.

27. "ഊഞ്ഞാലിൽ എന്ന കവിതയിൽ പ്രകൃതി മുഴുനീള സാന്നിധ്യമാവുക മാത്രമല്ല; പലപ്പോഴും മനുഷ്യഭാവം കൈവരിക്കുക കൂടി ചെയ്യുന്നുണ്ട്." കവിതയിൽ നിന്നും ഉദാഹരണങ്ങൾ നൽകി സമർഥിക്കുക.